**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**2019 ജൂൺ 21, വെള്ളി**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**മെഡിസെപ് പദ്ധതിയുടെ നടത്തിപ്പ്**

**ചോദ്യം : 3807**
**ശ്രീ.കെ.സി.ജോസഫ്**
**ശ്രീ.വി.ടി.ബൽറാം**
**ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ.ഷാഫി പറമ്പിൽ**

**മറുപടി :**
**ഡോ. ടി.എം. തോമസ് ഐസക്ക്**
**ധനകാര്യവും കയറും വകുപ്പ് മന്ത്രി**

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സംസ്ഥാന സർക്കാരിന്റെ മെഡിസെപ് പദ്ധതിയുടെ നടത്തിപ്പ് റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനിക്ക് കൈമാറിയിട്ടുണ്ടോ; | 27.04.2019-ലെ 49/2019/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിന് പദ്ധതി നടത്തിപ്പിനായി അനുമതി നൽകിയിട്ടുണ്ട് |
| (ബി) | റിലയൻസ് ക്യാപിറ്റലിന്റെ ഉടമസ്ഥതയിലുള്ള സബ്സിഡിയറി സ്ഥാപനമാണോ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി എന്ന് വ്യക്തമാക്കുമോ ; | അതെ. റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനിയുടെ 100% ഓഹരികളും റിലയൻസ് ക്യാപിറ്റലിന്റെ ഉടമസ്ഥതയിലാണ്. |
| (സി) | റിലയൻസ് ക്യാപിറ്റൽ വൻ കടത്തിലാണെന്നും, അതിന്റെ ഭാഗമായി സബ്സിഡിയറി കമ്പിനിയായ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനിയെ ഹീറോ മോട്ടോർ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനം ഏറ്റെടുക്കുവാൻ പോകുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | എങ്കിൽ ഈ ഏറ്റെടുക്കൽ മെഡിസെപ് പദ്ധതിയെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ? | |

**അക്കൗണ്ട്സ് ഓഫീസർ**